# 'അൽഖാഇദ'യുടെ പുതിയ ഭീഷണി

**കഴിഞ്ഞ** മെയ് 30-ന് വൈകുന്നേരം ലോകത്തെങ്ങുമുള്ള ടി.വി ചാനലുകളും പിറ്റേന്നത്തെ പ്രഭാതപത്രങ്ങളും വൻ പ്രാധാന്യത്തോടെ റിപ്പോർട്ടു ചെയ്ത വാർത്തയായിരുന്നു അമേരിക്കക്കെതിരെ അൽഖാഇദ പുറത്തുവിട്ട പുതിയ ഭീഷണി. പതിവു പോലെ അജ്ഞാതമാർഗേണ ലഭിച്ച വീഡിയോ ഫിലിമാണ് വാർത്തക്കാധാരം. തങ്ങളുന്നയിക്കുന്ന ആവശ്യങ്ങൾ നിവർത്തിച്ചില്ലെങ്കിൽ സെപ്റ്റംബർ 11-നേക്കാൾ ഭീകരവും വിനാശകരവുമായ ആക്രമണം നടത്തുമെന്നാണ് ടേപ്പിൽ പ്രത്യക്ഷപ്പെടുന്ന അമേരിക്കൻ നവ മുസ്‌ലിമായ അൽഖാഇദ പ്രവർത്തകൻ ആദം ഗദാൻ (Adam Gadahn) അമേരിക്കക്കു മുന്നറിയിപ്പു നൽകുന്നത്. ഈ ഗദാൻ ആരാണെന്നോ എവിടെയുണ്ടെന്നോ ആർക്കുമറിയില്ല. അമേരിക്ക ഇയാളെ രാജ്യദ്രോഹിയായി പ്രഖ്യാപിച്ചിട്ടുണ്ടത്രെ. കഴിഞ്ഞ വർഷം കാലിഫോർണിയൻ കോടതി ഇയാളിൽ, അൽഖാഇദക്കുവേണ്ടി പ്രചാരണം നടത്തി എന്ന കുറ്റം വിധിച്ചതായും പറയപ്പെടുന്നു. പക്ഷേ, ആളെകുറിച്ച് ഒരു വിവരവുമില്ല. പാകിസ്താനിലുണ്ടാവാമെന്നാണത്രെ വിദഗ്ധ നിഗമനം. വീഡിയോ ടേപ്പിനെ പിന്തുണക്കുന്ന ദൃശ്യങ്ങൾ ഇന്റർനെറ്റിലും പ്രത്യക്ഷപ്പെട്ടിരിക്കുന്നു.

എല്ലാ മുസ്‌ലിം രാജ്യങ്ങളിൽനിന്നും അമേരിക്കൻ സൈന്യം പിൻവാങ്ങുക, ഇസ്രയേലിനെ അന്ധമായി പിന്തുണക്കുന്ന നടപടി അവസാനിപ്പിക്കുക, അധിനിവിഷ്ട ഫലസ്തീനിലേക്ക് അമേരിക്കക്കാർ യാത്ര ചെയ്യാതിരിക്കുക, മുസ്‌ലിം തടവുകാരെയെല്ലാം വിട്ടയക്കുക, മുസ്‌ലിം രാഷ്ട്രങ്ങളിലെ സ്വേഛാധിപതികളായ ഭരണാധികാരികളെ സംരക്ഷിക്കാതിരിക്കുക തുടങ്ങിയവയാണ് ആവശ്യങ്ങൾ. ഏതെങ്കിലും മുസ്‌ലിം രാജ്യത്ത് ഒരു അമേരിക്കൻ പട്ടാളക്കാരനെങ്കിലും അവശേഷിക്കുന്ന കാലത്തോളം 'ഈ പ്രതിരോധ ജിഹാദ്' തുടരുമെന്നും ഭീഷണിയിൽ പറയുന്നുണ്ട്.

'അൽഖാഇദ'യുടെ 'ഭീഷണി'യെക്കുറിച്ചുള്ള ഏതു വാർത്തയും സാധാരണ ജനങ്ങൾ എളുപ്പം വിശ്വസിക്കും. ഇക്കൂട്ടർ മുമ്പു പുറപ്പെടുവിച്ച ഭീഷണികളെല്ലാം എന്തായി എന്നു പരിശോധിക്കാനൊന്നും ആളുകൾ മിനക്കെടുകയില്ല. സൈനിക യുദ്ധങ്ങൾക്കു സമാന്തരമായി അമേരിക്കൻ സാമ്രാജ്യത്വം നടത്തിവരുന്ന മനശ്ശാസ്ത്ര യുദ്ധത്തെക്കുറിച്ച് ധാരണയുള്ളവരേ ആ വക പരിശോധനകൾക്കു മുതിരൂ. അമിതാവേശമുള്ള ചില മുസ്‌ലിം ചെറുപ്പക്കാർ 'നമ്മുടെ ശത്രുക്കളായ അമേരിക്കയെയിതാ അൽഖാഇദ തകർത്തു തരിപ്പണമാക്കാൻ പോകുന്നു' എന്ന മട്ടിലാണ് ഇത്തരം വാർത്തകളെ സമീപിക്കുന്നത്. ഉസാമാ ബിൻ ലാദിനും അദ്ദേഹത്തിന്റെ അൽ ഖാഇദയും ജീവിച്ചിരിക്കുന്നു എന്നുപോലും സ്ഥിരീകരിക്കുന്ന ഖണ്ഡിതമായ തെളിവുകളൊന്നും അടുത്ത കാലത്ത് വെളിപ്പെട്ടിട്ടില്ല എന്നതാണ് സത്യം. അൽഖാഇദ നിലനിൽക്കുന്നുണ്ടെങ്കിൽ തന്നെ ഇങ്ങനെ ഇടക്കിടെ ഭീഷണി മുഴക്കി തങ്ങൾക്കെതിരെയുള്ള അമേരിക്കയുടെ ജാഗ്രത നിരന്തരം ഉത്തിഷ്ഠമാക്കിക്കൊണ്ടിരിക്കാൻ മാത്രം ബുദ്ധിശൂന്യരാണവരെന്ന് കരുതാമോ? ബിൻലാദിനോ അദ്ദേഹത്തിന്റെ ശിഷ്യന്മാരോ പ്രത്യക്ഷപ്പെട്ട് ഭീഷണി മുഴക്കുന്നതായി മുമ്പ് പ്രചരിപ്പിച്ച നിരവധി ടേപ്പുകൾ പോലെ ഈ ടേപ്പും കൃത്രിമമാകുന്നു എന്നതാണ് വസ്തുത. വീഡിയോയിൽ പ്രത്യക്ഷപ്പെടുന്ന യുവാവ് എവിടെയുണ്ടെന്നറിയില്ലത്രെ. ഒരു പക്ഷേ, അയാളെ പുറത്തുകൊണ്ടുവരാനുള്ള തന്ത്രങ്ങളുടെ ഭാഗമാകാം ഇത്. മുമ്പത്തെ ടേപ്പുകൾ കൊണ്ട് ഉദ്ദേശിക്കപ്പെട്ടിരുന്നതു പോലെ ഈ ടേപ്പിന്റെയും ഏറ്റം വലിയതും പ്രധാനവുമായ ലക്ഷ്യം, അൽഖാഇദ ഇപ്പോഴും ജീവിച്ചിരിക്കുന്നു, അമേരിക്കയുടെ സുരക്ഷയെ ഭീഷണിപ്പെടുത്താൻ തക്ക ശക്തിയോടെ പ്രവർത്തിച്ചുകൊണ്ടിരിക്കുന്നു എന്ന് ലോക ജനതയെ പൊതുവിലും മുസ്‌ലിം രാജ്യങ്ങളെ വിശേഷിച്ചും ബോധ്യപ്പെടുത്തുകയാണ്. അതുകൊണ്ട് ഈ ഭീകരശക്തിയെ ഉന്മൂലനം ചെയ്ത് ലോകത്തെ മഹാവിപത്തിൽനിന്ന് രക്ഷിക്കാൻ വേണ്ടി മുസ്‌ലിം രാജ്യങ്ങളിൽ സൈനികാധിനിവേശം നടത്താൻ അമേരിക്കക്ക് അവകാശമുണ്ട്; അല്ല ധാർമികമായ ബാധ്യതയുണ്ട്. ആക്രമിച്ചു കീഴടക്കിയ മുസ്‌ലിം രാജ്യങ്ങൾ, അവിടങ്ങളിൽനിന്ന് അൽഖാഇദ തുടച്ചു നീക്കപ്പെടുന്നതു വരെ അമേരിക്കൻ സൈന്യം തന്നെ കൈവശം വെക്കേണ്ടത് അമേരിക്കയുടെ സുരക്ഷിതത്വത്തിന്റെയും ലോകസമാധാനത്തിന്റെയും അനിവാര്യതാൽപര്യമാകുന്നു. ഏതെങ്കിലും മുസ്‌ലിം രാജ്യത്തുനിന്ന് അൽഖാഇദ ആണവായുധം കൈവശപ്പെടുത്താനിടയുള്ളതിനാൽ ആണവായുധം വികസിപ്പിക്കുന്നുവെന്ന് സംശയിക്കപ്പെടുന്ന മുസ്‌ലിം രാജ്യങ്ങളെയും ആക്രമിച്ചു നശിപ്പിക്കേണ്ടത് അമേരിക്കയുടെ ഉത്തരവാദിത്വമാകുന്നു.

അമേരിക്ക എന്ന സൂപ്പർ പവറിനെ ചതച്ചരച്ച് സീറോ പവറാക്കാൻ സുസജ്ജമായി കാത്തിരിക്കുന്ന അൽഖാഇദ എന്ന ഒരു 'ഇസ്‌ലാമിക ഭൂത'ത്തിന്റെ സാന്നിധ്യം വികാര ജീവികളായ ചില മുസ്‌ലിംകളെയും വിശ്വസിപ്പിക്കാൻ കഴിഞ്ഞു എന്നത് അവരുടെ മനശ്ശാസ്ത്ര യുദ്ധത്തിന്റെ വിജയമാണ്. അമേരിക്ക ലോകത്തെ വിശ്വസിപ്പിക്കാൻ ശ്രമിക്കുന്നതും ഇതു തന്നെയാണ്. 2001 സെപ്റ്റംബർ 11 ആർക്കാണ് നേട്ടമുണ്ടാക്കിയത്, ആർക്കാണ് നഷ്ടമുണ്ടാക്കിയത് എന്ന് യാഥാർഥ്യ ബോധത്തോടെ ആലോചിച്ചു നോക്കാത്തവരാണ് അത്തരം സംഭവങ്ങൾ ഇനിയും ആവർത്തിക്കണമെന്നാഗ്രഹിക്കുന്നത്.

ആധുനിക ഇലക്ട്രോണിക് സാങ്കേതികവിദ്യകളുപയോഗിച്ച് ആർക്കും ആരുടെ ചുമലിലും എന്തുവേണമെങ്കിലും വെച്ചുകെട്ടാനും ആഗോളതലത്തിൽ പ്രചരിപ്പിക്കാനും കഴിയും. ഈ സാഹചര്യത്തിൽ അൽഖാഇദയുടെ പേരിൽ പ്രത്യക്ഷപ്പെടുന്ന വീഡിയോ ടേപ്പുകളെ അപ്പടി വിശ്വസിച്ചു കൂടാ. അതിൽ പ്രത്യക്ഷപ്പെടുന്നവർ അൽഖാഇദ പ്രവർത്തകരോ മുസ്‌ലിംകൾ തന്നെയോ ആകണമെന്നില്ല. മുസ്‌ലിംകളാണെങ്കിൽതന്നെ അവരെ മറ്റേതെങ്കിലും ശക്തികൾ ഉപകരണമാക്കിയതാവാനാണ് സാധ്യത.

മേൽവിലാസമില്ലാത്ത ഏതെങ്കിലും ഫിലിം പ്രത്യക്ഷപ്പെടുമ്പോഴേക്കും അൽഖാഇദയിൽ രക്ഷകരെ കണ്ടെത്തി ആവേശം കൊള്ളുന്ന ചില മുസ്‌ലിം സഹോദരങ്ങളുണ്ട്. അവരുടെ വൈകാരിക സമീപനം ഇസ്‌ലാമിനും മുസ്‌ലിം സമൂഹത്തിനും ദോഷമേ ചെയ്യൂ. അവർ പ്രകടിപ്പിക്കുന്ന വികാരം സമുദായത്തിന്റെ മൊത്തം വികാരമായിട്ടാണ് വിലയിരുത്തപ്പെടുന്നത്. മുസ്‌ലിംകളെ ഒന്നടങ്കം തീവ്രവാദികളും ഭീകരരുമായി ചിത്രീകരിക്കാൻ സമുദായത്തിന്റെ ശത്രുക്കൾക്ക് അത് അവസരമൊരുക്കിക്കൊടുക്കുന്നു. പിന്നെ ആരു ചെയ്യുന്ന അതിക്രമങ്ങളും അവരുടെ കണക്കിൽ ചേർക്കാം. അവർക്കെതിരായ ഏത് അക്രമത്തെയും നീതീകരിക്കുകയും ചെയ്യാം. ഇതൊരു വിദൂര സാധ്യതയല്ല. ആസന്ന വിപത്തായി മാറിക്കഴിഞ്ഞിരിക്കുന്നു. ■